കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

തീയതി 12.07.2020

പ്രസിദ്ധീകരണത്തിന്

സംസ്ഥാനത്തെ ആറ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ ഉദ്ഘാടനം 14-07-2020 ന് രാവിലെ 11 മണിക്ക് വീഡിയോ കോൺഫറൻസിംഗ് മുഖാന്തിരം മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നിർവ്വഹിക്കുമെന്ന് പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

രജിസ്ട്രേഷൻ വകുപ്പിന്റെ ചരിത്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിലും സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്ന കാര്യത്തിലും സമാനതകളില്ലാത്ത നേട്ടങ്ങളാണ് കഴിഞ്ഞ നാലുവർഷമായി നടപ്പിലാക്കിവരുന്നത്. ഇ-സ്റ്റാമ്പിംഗ്, ഇ. പേയ്മെന്റ് രേഖകളുടെ ഡിജിറ്റലൈസേഷൻ, ഓൺലൈൻ സേവനങ്ങൾ തുടങ്ങി ഒട്ടേറെ സേവനങ്ങൾ ആധുനിക സാങ്കേതിക വിദ്യ പ്രോയജനപ്പെടുത്തി പൊതുജനങ്ങൾക്ക് നൽകി വരുന്നു. അടിസ്ഥാന സൗകര്യവികസനത്തിൽ ഭാഗമായി കിഫ്ബി മുഖാന്തിരം 100 കോടി രൂപ ചെലവഴിച്ച് കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ രജിസ്ട്രേഷൻ കോപ്ലക്സുകൾ ഉൾപ്പടെ വിവിധ ജില്ലകളിലായി 51 ആഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. നിർമ്മാണം പൂർത്തിയാക്കിയ 10 കെട്ടിടങ്ങളുടെ പ്രവർത്തനോദ്ഘാടനം 2020 ഫെബ്രുവരിമാസത്തിൽ മുഖ്യമന്ത്രി നിർവഹിച്ചിരുന്നു. ഇപ്പോൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനത്തിന് സജ്ജമായ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം, ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല, തോപ്രാംകുടി, കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ എന്നീ നാലു സബ് രജ്സിട്രാർ ഓഫീസുകളുടെ പ്രവർത്തനോദ്ഘാടനമാണ് മുഖ്യമന്ത്രി നിർവഹിക്കുന്നത്. മാനന്തവാടി, തൃപ്രയാർ എന്നീ സബ് രജിസ്ട്രേർ ഓഫീസുകളുടെ നിർമ്മാണോദ്ഘാടനവും ഇതോടൊപ്പം നിർവഹിക്കുന്നു. രജിസ്ട്രേഷനും പൊതുമരാമത്തും വകുപ്പ് മന്ത്രി ചടങ്ങിൽ അദ്ധ്യാക്ഷത വഹിക്കുന്നതാണ്. നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാകേഷ്കുമാർ സിംഗ് ഐ.എ.എസ്, രജിസ്ട്രേഷൻ ഐ.ജി കെ.ഇമ്പശേകർ ഐ.എ.എസ് എന്നിവരും പങ്കെടുക്കുന്നു. ബഹു: ധനകാര്യ മന്ത്രി ഡോ. ടി.എം.തോമസ് ഐസക്, ബഹു: വൈദ്യുതി വകുപ്പ് മന്ത്രി എം.എം.മണി, എം.എൽ.എ മാരായ റോഷി അഗസ്റ്റിൻ, ഗീതാഗോപി, പുരുഷൻ കടലുണ്ടി, ഒ.ആർ.കേളു, എന്നിവർ പ്രാദേശിക ഉദ്ഘാടന പരിപാടികളിൽ നേതൃത്വം വഹിക്കുമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.

*****